# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5093 | 30.06.2014-ൽ മറുപടിയ്ക്ക്

## ലീ തട്ടിപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ലീ തട്ടിപ്പുകൾ സംബന്ധിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; എത്ര കോടി രൂപയുടെ തട്ടിപ്പുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; | (എ) ലീ ക്യാപിറ്റൽ എന്ന സ്ഥാപനം നടത്തിയ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ കേസുകൾ രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് വിഭാഗം ഉൾപ്പെടെ അന്വേഷണം നടത്തിവരുന്നു. ഏകദേശം 30 കോടിയോളം രൂപയുടെ തട്ടിപ്പ് നടത്തിയതായിട്ടാണ് പ്രാഥമികാന്വേഷണത്തിൽ വെളിവായിട്ടുള്ളത്. ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ അന്വേഷണം പൂർത്തീയാകുന്ന മുറയ്ക്ക് മാത്രമേ തട്ടിപ്പ് നടത്തിയ തുകയുടെ വ്യാപ്തി വ്യക്തമാകുകയുള്ളൂ. |
| (ബി) തട്ടിപ്പിനിരയായവരിൽ നല്ല ഭാഗവും പെരിന്തൽമണ്ണ നിവാസികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര പരാതികളാണ് ഇവിടെ നിന്നും ലഭിച്ചിട്ടുള്ളത്; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് പെരിന്തൽമണ്ണ നിവാസികളിൽ നിന്നും 7 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) ആസൂത്രിതമായി നടക്കുന്ന ഇത്തരം തട്ടിപ്പുകൾക്കെതിരെ എന്തൊക്കെ നടപടികളാണ് പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ നിയമ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ അമിതലാഭം വാഗ്ദാനം ചെയ്ത് കൊണ്ട് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് പരസ്യങ്ങളുമായി വ്യക്തികൾ സമീപിക്കുകയാണെങ്കിൽ ടി വിവരം പോലീസ് അധികാരികളെ |

യഥാസമയം തന്നെ അറിയിക്കുവാൻ പൊതുജനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പരാതി ലഭിച്ച ശേഷം അന്വേഷണം നടത്തുന്നതിനു പകരം ഈ രീതിയിലുള്ള തട്ടിപ്പു ശ്രമങ്ങളെ മുൻകൂട്ടി നിരീക്ഷിക്കാനും നടപടി സ്വീകരിക്കാനും സംവിധാനം ഏർപ്പെടുത്തുമോ?

(ഡി) അനധികൃത പണമിടപാടുകളുമായി ബന്ധപ്പെട്ട വിഷയങ്ങളെപ്പറ്റിയും അമിത ലാഭം വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സ്ഥാപനങ്ങളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജനമൈത്രീ പോലീസ് പദ്ധതിയുമായി ബന്ധപ്പെടുത്തി ക്ലാസുകളും മറ്റും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഇത്തരം സംഘങ്ങളുടെ പരസ്യങ്ങളോ പ്രവർത്തനങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ അവരെ രഹസ്യ നിരീക്ഷണം നടത്തുകയും കുറ്റക്കാരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് നിയമ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ